# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2133** — **11/06/2018-ൽ മറുപടിക്ക്**

### ആരോഗ്യ ജാഗ്രത

**ചോദ്യം**

**ശ്രീ.പി.ടി.എ. റഹീം**
**,, കെ. ആൻസലൻ**
**,, എൻ. വിജയൻ പിള്ള**
**,, പി. ഉണ്ണി**

എ) സംസ്ഥാനത്ത് വർഷകാലം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി ആരോഗ്യ വകുപ്പ്, ആർദ്രം മിഷനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് ജനുവരി മുതൽ ഡിസംബർ വരെ ആരോഗ്യ ബോധവത്കരണ പരിപാടിയായ 'ആരോഗ്യ ജാഗ്രത' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി വഴി സംസ്ഥാനത്ത് മുഖ്യ ആരോഗ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന കൊതുകുജന്യരോഗങ്ങളും, ജലജന്യ രോഗങ്ങളും പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും കഴിയും. ആരോഗ്യത്തെ നിർണ്ണയിക്കുന്ന പ്രധാന സാമൂഹ്യ ഘടകങ്ങളായ പരിസര ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം, കുടിവെള്ള ശുചിത്വം ഉടങ്ങിയവ ഉറപ്പ് വരുത്തുവാൻ വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും ചിട്ടയായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൊതുക സാന്ദ്രത കുറയ്ക്കുവാനും അതുവഴി കൊതുകുജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിനും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഇടതടവില്ലാതെ ശുദ്ധ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ജന്തുജന്യരോഗ സാദ്ധ്യത കുറയ്ക്കുന്നതിനും ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യപരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും, ഭക്ഷ്യവിഷബാധകൾ ഒഴിവാക്കുന്നതിനും ഓരോ വകുപ്പുകളും നിർബന്ധമായും അനുഷ്ഠിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ വകുപ്പിലും

നിലവിലുള്ള നിയമങ്ങൾ (പഞ്ചായത്തിരാജ് നിയമം, മുൻസിപ്പൽ നിയമം, തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം, മദ്രാസ് പൊതുജനാരോഗ്യനിയമം, ഭക്ഷ്യസുരക്ഷാ നിയമം, ജലനിയമം) ഉൾപ്പെടുത്തിയിട്ടുള്ള ഹെൽത്തി കേരള പരിശോധനകളും ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| **ബി)** ആരോഗ്യ ജാഗ്രത പരിപാടിയുടെ ഭാഗമായി ആരോഗ്യ പ്രവർത്തകർ ഫീൽഡ് തല പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | **ബി)** ഉണ്ട്. |
| **സി)** കഴിഞ്ഞ വർഷം ഡെങ്കി പോലുള്ള പകർച്ചപ്പനികൾ പടർന്നു പിടിച്ച സാഹചര്യം കണക്കിലെടുത്ത് പൊതുജനങ്ങൾക്കായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ശുചീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | **സി)** 2018 ജനുവരി 21-ാം തീയതി തദ്ദേശ-സ്വയംഭരണ വകുപ്പിന്റെയും, ആരോഗ്യ-വകുപ്പിന്റെയും ആഭിമുഖ്യത്തിൽ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ മറ്റ് ജന പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യ കർമ്മസേന രൂപീകരിച്ച് സംസ്ഥാനത്തെ വീടുകൾ സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ച-വ്യാധികൾക്കെതിരെ ബോധവൽക്കരണം നൽകുകയും ചെയ്തു. കൂടാതെ വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗപ്രതിരോധ കാര്യങ്ങളെപ്പറ്റി ബോധവത്കരണം നൽകുകയും ചെയ്യുന്നു. അയൽക്കൂട്ട യോഗങ്ങൾ ചേരുകയും, പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള മൈക്രോലെവൽ പ്ലാൻ തയ്യാറാക്കുകയും, പ്രത്യേക ഗ്രാമസഭകൾ നടത്തുകയും, വാർഡ്തല ആരോഗ്യശുചിത്വ കർമ്മസേന രൂപീകരിക്കുകയും ചെയ്തു. അതുപോലെ തന്നെ കർമ്മസേനാംഗങ്ങൾ വീടുകളും, പൊതുസ്ഥലങ്ങളും, സ്ഥാപനങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തുകയും ചെയ്തു. |

AB

**സെക്ഷൻ ഓഫീസർ**